കാലിക്കറ്റ് സർവ്വകലാശാല
ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

പത്രക്കുറിപ്പ്

കാലിക്കറ്റ് സർവ്വകലാശാലയുടെ 2024-2025 അധ്യയന വർഷത്തെ ബി.എഡ്. പ്രവേശനത്തിന്റെ ട്രയൽ അലോട്ട്മെന്റ് (കൊമേഴ്സ് ഓപ്ഷനും, ബി.എഡ്. സ്പെഷ്യൽ എഡ്യുക്കേഷനും ഒഴികെ) പ്രസിദ്ധീകരിച്ചു. ട്രയൽ അലോട്ട്മെന്റ് സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമാവുന്നതാണ്. ട്രയൽ അലോട്ട്മെന്റിനെ തുടർന്ന്, ബി.എഡ്.ന് 01.07.2024 ന് വൈകിട്ട് 3 മണി വരെയും ബി.എഡ്. സ്പെഷ്യൽ എഡ്യുക്കേഷന് 30.06.2024 വരെയും (പേര്, മൊബൈൽ നമ്പർ, ഇ-മെയിൽ ഐഡി, ജനന തിയ്യതി എന്നിവ ഒഴികെ) എഡിറ്റിങ്ങിന് സൗകര്യമുണ്ടായിരിക്കുന്നതാണ്. ഇതിനായി വിദ്യാർത്ഥിയുടെ ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതും Edit Registration എന്ന ലിങ്കിലൂടെ ആവശ്യമുള്ള തിരുത്തലുകൾ വരുത്തേണ്ടതുമാണ്. തിരുത്തലുകൾക്ക് ശേഷം പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. Edit Registration ബട്ടൺ ഉപയോഗിച്ച് എഡിറ്റ് ചെയ്യാൻ ശ്രമിച്ച വിദ്യാർത്ഥികൾ അപേക്ഷ പൂർത്തീകരിച്ച് പ്രിന്റൗട്ട് എടുത്തിട്ടില്ലെങ്കിൽ തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയകളിൽ നിന്ന് പുറത്താക്കപ്പെടുന്നതായിരിക്കും. പ്രസ്തുത അപേക്ഷകൾ പൂർത്തീകരിക്കുന്നതിനുള്ള അവസരം രണ്ടാം അലോട്ട്മെന്റിന് ശേഷം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

അപേക്ഷകർ ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മാർക്ക് കൃത്യമാണെന്നും, NSS, NCC തുടങ്ങിയ വെയിറ്റേജ് സർട്ടിഫിക്കറ്റുകൾ ബിരുദ പ്രോഗ്രാമിന്റെ കാലയളവിലുള്ളതാണെന്നും, നോൺ-ക്രീമിലെയർ, EWS സംവരണ വിവരങ്ങൾ എന്നിവ കൃത്യമാണെന്നും ഉറപ്പുവരുത്തേണ്ടതാണ്.

ബി.എഡ്.ന്റെ ഒന്നാം അലോട്ട്മെന്റും ബി.എഡ്. സ്പെഷ്യൽ എഡ്യുക്കേഷന്റെ റാങ്ക് ലിസ്റ്റും 06.07.2024 ന് പ്രസിദ്ധീകരിക്കുന്നതാണ്.

ഫോൺ - 0494 2407016, 2660600

(ഒപ്പ്)
ഡയറക്ടർ

C.U. Campus
29.06.2024